# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചടയമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**
**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3/2394/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 30/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചടയമംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/2394/22 തീയ്യതി: 30/03/2023

## കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 29-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-08-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം. ഡി. അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 12-12-2022 | 20-12-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-12-2022 | 20-12-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സജി കുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി സിജാ റാണി എസ്, ഓഡിറ്റ് ഓഫീസർ

ശ്രീ അരുൺ കുമാർ എ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി റജിന എ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജെ.ബി ബിന്ദു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. അജിത് കുമാർ എസ് | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീ. സജുകുമാർ വി എസ് | സെക്രട്ടറി | 28-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്പിളി | അസി.എഞ്ചീനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീകുമാരി .റ്റി.വി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.സതീഷ് കുമാർ .ഡി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മനോജ്.ജി.എസ് | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.മനോജ് കുമാർ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി .രജിത | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.റിജി | ഐ.സി.ഡി.എസ് സുപ്പർവൈസർ | 01-04-2021 | 06-11-2021 |
| ശ്രീമതി.മുബീന | ഐ.സി.ഡി.എസ് സുപ്പർവൈസർ | 07-11-2021 | 31-03-2022 |
| ശ്രീ.അൻസാരി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ്. | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2021 | 22-11-2021 |
| ശ്രീമതി.പാർവ്വതി | ഡയറിഫാംഇൻസ്ട്രക്ടർ | 23-11-2021 | 31-03-2022 |
| ഡോ.സുരേഷ് കുമാർ.ഡി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. സുചിത്ര കെ ജി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2021 | 19-05-2021 |
| ഡോ. ജ്യോതിലാൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 20-05-2021 | 31-03-2022 |
| ശ്രീ. ജിതിൻ ജോർജ്ജ് | അസി.എഞ്ചീനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു. | 1-7.1 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | വസ്തു നികുതി നിർണ്ണയം - റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി ഇളവു നൽകുന്നു | 1-11 |
| 14 | കെട്ടിടനികുതി നിർണ്ണയിച്ചതിലെ അപാകത | 1-12 |
| 15 | ഡെപ്പോസിറ്റിനത്തിൽ റസീപ്റ്റ് ചെയ്ത തുകകൾ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-13 |
| 16 | വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-14 |
| 17 | റ്റി.ഡി.എസ് കുറവ് വരുത്താതെ തുക കരറുകാരന് അനുവദിച്ചു | 1-15 |
| 18 | സാന്ത്വന പരിചരണം പദ്ധതി -KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-16 |
| 19 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല. | 1-17 |
| 20 | ഹോംകോയിൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-18 |
| 21 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-19 |
| 22 | യഥാസമയം വെള്ളക്കരം ഒടുക്കുവരുത്തുന്നില്ല, പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-20 |
| 23 | Compensation For Delay/Liquidated Charges ഈടാക്കിയിട്ടില്ല | 1-21 |
| 24 | വാടക അപാകത | 1-22 |
| 25 | തെരുവ് വിളക്ക് മെയിന്റനൻസ്, ലേബർ ചാർജ്ജ് , അധികം തുക നല്കി | 1-23 |
| | **ഭാഗം 2** | |
| 1 | വസ്തു നികുതി നിർണ്ണയം - റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി ഇളവു നൽകുന്നു | 2-1 |
| 2 | കെട്ടിടനികുതി നിർണ്ണയിച്ചതിലെ അപാകത | 2-2 |
| | **ഭാഗം 3** | |
| 1 | തെരുവ് വിളക്ക് മെയിന്റനൻസ്, ലേബർ ചാർജ്ജ് , അധികം തുക നല്കി | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ  അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 25.2.21-ലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1) ലൈഫ് ഭവനപദ്ധതിയ്ക്കായി വായ്പയെടുത്ത വകയിൽ തൻവർഷം 330200101 എന്ന ഹെഡിൽ 2580000/-രൂപയും 330500201 എന്ന ഹെഡിൽ 2,20,000/-രൂപയും വരവും വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയിൽ നിന്നും യഥാക്രമം 39,12,496/-, 19,98,171/- എന്നീ തുകകൾ ഒടുക്കുകയും ചെയ്തിട്ടുണ്ട് (വാർഷിക ധനകാര്യ പത്രിക പ്രകാരം). എന്നാൽ ലോൺ തിരിച്ചടവ് സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തി ലോൺ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 330200101 എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ലൈഫ് സംസ്ഥാന വിഹിതമാണ്. ടി തുകയുടെ ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല.

2) ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിക്ഷേപ തുകകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

3) ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ പ്രകാരം വിവിധ പദ്ധതികളുടെ നടത്തിപ്പിനായി തുകകൾ മുൻകൂറായി ഒടുക്ക് വരുത്തിയിരിക്കുന്നതിന്റെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ RP-47, B-18 എന്നീ പത്രികകളിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

| പ്രോജക്ട് നമ്പർ-പേര് | തുക സ്വീകരിച്ചിരിക്കുന്ന സ്ഥാപനം | നൽകിയ തുക (₹) |
|---|---|---|
| 199/22-കുഴൽ കിണർ നിർമ്മാണം | ഭൂഗർഭ ജല വകുപ്പ് | 435232/- |
| 97/22-തെരുവ് വിളക്കുകൾക്കായി മീറ്റർ സ്ഥാപിക്കൽ | കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | 1419894/ |
| 228/22-കുഴൽ കിണർ നിർമ്മാണം -രണ്ടാം ഘട്ടം | ഭൂഗർഭ ജല വകുപ്പ് | 130840/- |
| 224/22-ചടയമംഗലം ഗവ.യു.പി.എസിന് കുഴൽ കിണർ നിർമ്മാണം | ഭൂഗർഭ ജല വകുപ്പ് | 111998/- |
| 226/22- തെരുവ് വിളക്കുകൾക്കായി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | 82600/- |
| 225/22 ഇലക്ട്രിക്ക് പോസ്റ്റ് ഫിഫ്റ്റിംഗ് | കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | 409039/- |

മുൻകൂർ രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ സൂചിപ്പിക്കുന്ന അക്കൗണ്ടുകൾ പ്രകാരമുള്ള മുന്നിരിപ്പ്, ബാങ്ക് പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് | മുന്നിരിപ്പ്-ബാങ്ക് പത്രിക പ്രകാരം (₹) | മുന്നിരിപ്പ്-വാർഷിക ധനകാര്യ പത്രിക പ്രകാരം (₹) |
|---|---|---|
| ഇൻഡ്യൻ ബാങ്ക്-6173658549 | 31,85,322/- | 25,82,144/- |
| ഇൻഡ്യൻ ബാങ്ക്-6718845623 | 1,287/- | 1,260/- |
| LGTSB- 799013000000998 | 10,00,000/- | (70,741) |
| ചടയമംഗലം സർവ്വീസ് കോ ഓപ്പറേറ്റീവ് | 15,135/- | 14,691/- |

| | | |
|---|---|---|
| ബാങ്ക്-Euro-5451 | | |

ചടയമംഗലം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്-Euro-5451 ൽ 31-03-2022ൽ നീക്കിബാക്കി തുക 15,592/-രൂപയാണ് എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 14,691/-രൂപയാണ്.

5) വാർഷിക ധനകാര്യ പത്രിക പ്രകാരം Redumption Amount തൻവർഷം 59,63,715/-രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട് (RP-43 പ്രകാരം). എന്നാൽ LGTSB അക്കൗണ്ടിൽ നിന്നും തൻവർഷം സർക്കാർ പിൻവലിച്ചിരിക്കുന്ന തുകകൾ ചുവടെ പറയും പ്രകാരമാണ്.

1) ₹ 52,34,068/- ചെക്ക് നം-889192/31-03-22

2) ₹ 23,354/- ചെക്ക് നം-889194/31-03-22

3) ₹ 23/- ചെക്ക് നം-889195/31-03-22

ആകെ 52,57,445/-രൂപയാണ് Redumption തുകയായി ട്രഷറി പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6) ചുവടെ സൂചിപ്പിക്കുന്ന വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം (₹) | | | രജിസ്റ്റർ പ്രകാരം (₹) | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| തൊഴിൽ നികുതി | 23,54,360/- | 23,18,860/- | 0 (എ).എഫ്.എസിൽ ബാലൻസ് ഉൾപ്പെടുത്തിയിട്ടില്ല) | 23,81,360/- | 23,54,360/- | 27,000/- |
| ലൈസൻസ് ഫീസ്-ഡി & ഒ | 1,50,260/- | 1,49,060/- | 0 (എ).എഫ്.എസിൽ ബാലൻസ് ഉൾപ്പെടുത്തിയിട്ടില്ല) | 1,49,060/- | 1,49,060/- | 0 |
| വാടക | 3,53,418/- | 2,97,602/- | 49,516/- | 4,53,150/- | 3,14,628/- | 1,38,522/- |

7) തനത് വരുമാനം നിക്ഷേപിക്കുന്ന എസ്.ബി.ഐ-അക്കൗണ്ട് നം-37192812827, ചടയമംഗലം സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം-030101201000001 എന്നിവയിലെ നീക്കിബാക്കി തുകകളുടെ പൊരുത്തപ്പെടുത്തൽ കൃത്യമല്ല. നാഷണലൈസ്ഡ് ബാങ്കിൽ വരവ് വന്ന തുകകളുടെ അടിസ്ഥാനത്തിലാണ് സർവ്വീസ് സഹകരണ ബാങ്കിലെ തുകയുടെ പൊരുത്തപ്പെടുത്തൽ വരുത്തിയിരിക്കുന്നത്.

8) Development Fund General എന്ന ഹെഡിൽ 9336/-രൂപ വരവ് ചെലവായി വാർഷിക ധനകാര്യ പത്രികയിൽ320200101 എന്ന ഹെഡ് കോഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏത് വരവ് ചെലവാണെന്ന് പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

9) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വികസനഫണ്ട് -ജനറൽ, സംരക്ഷണ ഗ്രാന്റ് -റോഡിതരം എന്നീ ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ സാംഖ്യാ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക ധനകാര്യപത്രിക പ്രകാരം | | എ.സി.ആർ പ്രകാരം |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ₹1,01,60,711/- | ₹1,04,71,095/- |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | ₹41,61,293/- | ₹46,28,564/- |

10) തൊഴിലില്ലായ്മ വേതനം, വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായമിനത്തിൽ ലഭിച്ച വരവു തുകകളായ യഥാക്രമം 97920/-, 180000/- രൂപ RP-7 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) ICDS-കേന്ദ്രവിഹിതത്തിൽ നിന്നുമുള്ള ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരം 11,17,000/-രൂപയും സുലേഖ ചെലവ് പത്രിക പ്രകാരം 10,06,000/-രൂപയും ആണ്.

12) 2021-22 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ട്

നമ്പർ - 64/22, കമ്പ്യൂട്ടർ, പ്രിന്റർ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 44698/-രൂപ ബിൽ നമ്പർ 10/21-22/24-03-22 പ്രകാരം പിൻവലിച്ച് ചെലവ് നടത്തിയിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

**1-2 വാർഷിക ധനകാര്യപത്രിക**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 15.11.22 | - | |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | ₹1,69,70,551/- |
| വരവ് | ₹80,22,78,940/- |
| ആകെ | ₹9,71,98,445/- |
| ചെലവ് | ₹8,41,52,762/- |
| നീക്കിയിരിപ്പ് | ₹1,30,45,683/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹6,180/- |
| ചെലവിനങ്ങളിലുള്ള നഷ്ടം | ₹5,400/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹27,69,839/- |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | ഒ.ബി(₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,54,41,265/- | 1,54,41,265/- | 1,54,34,791/- | 6,474/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 64,91,000/- | 64,91,000/- | 64,90,492/- | 508/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 95,86,000/- | 95,86,000/- | 62,41,123/- | 33,44,877/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 63,30,986/- | 63,30,986/- | 46,28,564/- | 17,02,422/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ്) (ട്രഷറി) | 0 | 2,43,707/- | 2,43,707/- | 2,27,728/- | 15,979/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 31,49,557/- | 31,49,557/- | 19,78,518/- | 11,71,039/- |

| | | | | | |
|---|---|---|---|---|---|
| (റ്റൈഡ്) (ട്രഷറി) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (റ്റൈഡ്) (ബാങ്ക്) | 0 | 42,45,000/- | 42,45,000/- | 25,69,811/- | 16,75,189/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ്) (ബാങ്ക്) | 0 | 28,30,000/- 51,372/- (പലിശ) | 28,81,372/- | 27,29,881/- | 1,51,491/- |
| വികസനഫണ്ട്- ജനറൽ | 0 | 9,336/- | 9,336/- | 9,336/- | 0 |
| സാക്ഷരത | 28,864/- | 0 | 28,864/- | 0 | 28,864/- |
| ശുചിത്വമിഷൻ | 0 | 13,60,993/- | 13,60,993/- | 13,60,993/- | 0 |
| തൊഴിലുറപ്പ് പദ്ധതി അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 65,393/- | 11,53,644/- | 12,19,037/- | 12,19,037/- | 0 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | |
| ഐ.സി.ഡി.എസ് | 7,17,567/- | 11,00,625/- | 18,18,192/- | 11,17,000/- | 7,01,192/- |
| സമ്പൂർണ്ണ ശുചിത്വം | 25,82,144/- | 5,30,502/- | 31,12,646/- | 10,05,424/- | 21,07,222/- |

1) വാർഷിക ധനകാര്യ പത്രിക പ്രകാരം വികസനഫണ്ട് -ജനറൽ ഫണ്ട്, സംരക്ഷണ ഗ്രാന്റ് -റോഡിതരം എന്നീ ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ സാംഖ്യാ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തില്ല. വാർഷിക ധനകാര്യ പത്രികയിലെ അപാകതകളിൽ മേൽ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.

വികസനഫണ്ട് – ജനറൽ, എസ്.സി.പി. എന്നിവയിലെ വരവ് തുകയിൽ സ്രോതസ്സിൽ നിന്നും നേരിട്ട് കുറവ് വരുത്തുന്ന തുകകൾ കൂടി ഉൾപ്പെട്ട് വരുന്നുണ്ട്.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ നീക്കിബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകയിൽ ട്രഷറിയിൽ നേരിട്ട് വന്ന അലോട്ട്മെന്റ് പ്രകാരമുള്ള തുകയിലെ നീക്കിബാക്കിയും ബാങ്കിലെ നീക്കിബാക്കി തുകയും കൂടി ഉൾപ്പെട്ടതാണ്.

3) വികസനഫണ്ട്-ജനറൽ എന്ന ഹെഡിൽ RP-31പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 9,336/- രൂപ ഏതിനത്തിലുള്ള വരവാണെന്ന് വ്യക്തമല്ല.

4) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ/ബാങ്ക് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക എന്നീ രേഖകൾ പരിശോധിച്ചതിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ നീക്കിബാക്കി തുകയിൽ ചുവടെ സൂചിപ്പിക്കും പ്രകാരമുള്ള അപാകത കാണുന്നു.

RP-40(b), B-4, B-17 എന്നീ പത്രികകൾ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (റ്റൈഡ്, അൺറ്റൈഡ്) ബാങ്കിലെ നീക്കിയിരിപ്പ് 19,25,716/-രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം അൺറ്റൈഡ് ഫണ്ടിന്റെ ട്രഷറിയിലെ നീക്കിയിരിപ്പ് തുകയായ 15979/-രൂപ കഴിഞ്ഞാൽ ബാക്കിയുള്ള 100119/-രൂപയും പലിശ വരവ് 51372/-രൂപയും റ്റൈഡ് ഫണ്ടിന്റെ ട്രഷറി നീക്കിയിരിപ്പിന് ശേഷമുള്ള 1675189/-രൂപയും കൂടി ഉൾപ്പെടുമ്പോൾ ആകെ നീക്കിയിരപ്പായി വരുന്നത് 18,26,680/-രൂപയാണ്. എന്നാൽ ബാങ്ക് പത്രിക പ്രകാരം ആകെ നീക്കിയിരിപ്പ് 19,25,716/-രൂപയാണ്. 99,036/-രൂപ വ്യത്യാസം വന്നിരിക്കുന്നു.

**<u>1-5 പദ്ധതി അവലോകനം</u>**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | (₹) | | (₹) | (എണ്ണം) | (എണ്ണം) | ശതമാനം |
| 183 | 16,00,96,964/- | 142 | 6,46,36,022/- | - | 41 | 77.5% |

**1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ കൂലി | 0 | 4,93,03,710/- | 4,93,03,710/- | 4,93,03,710/- | 0 |
| ഭരണചെലവുകൾ | 65,393/- | 11,53,644/- | 12,19,037/- | 12,19,037/- | 0 |

**1-7.1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.**

സേവന സോഫ്റ്റ് വെയറും 2021-2022 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ മരണമടഞ്ഞതിന് ശേഷവും പെൻഷൻ വിതരണത്തിനായി ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്യാനായി നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | ശ്രീ. ജനാർദനൻ | 103670400405 | ഭിന്നശേഷി പെൻഷൻ | 24-7-2021 | 7/21-8/21 | 3200/- |
| 2 | ശ്രീ. കുഞ്ഞിരാമൻ നായർ | 2220021265 | കർഷകത്തൊഴിലാളി പെൻഷൻ | 18-7-21 | 8/21-10/22 | 20800/- |
| 3 | ശ്രീ. സുരേന്ദ്രൻപിള്ള | 103670201284 | കർഷകത്തൊഴിലാളി പെൻഷൻ | 18-7-21 | 8/21-11/21 | 6400/- |
| 4 | ശ്രീമതി തങ്കമ്മ | 103670600534 | വിധവാ പെൻഷൻ | 12-7-21 | 7/21-4/22 | 16000/- |
| 5 | ശ്രീമതി ദിവ്യ | 103670400302 | ഭിന്നശേഷി പെൻഷൻ | 9-7-21 | 7/21-1/22 | 11200/- |
| 6 | ശ്രീമതി വിലാസിനിയമ്മ | 103670200421 | വാർദ്ധക്യകാല പെൻഷൻ | 21-7-21 | 7/21-8/21 | 3200/- |
| 7 | ശ്രീമതി ഓമനയമ്മ | 103670600712 | വിധവാ പെൻഷൻ | 16-7-21 | 7/21-11/21 | 8000/- |
| 8 | ശ്രീ. കൃഷ്ണൻകുട്ടി | 103670200241 | വാർദ്ധക്യകാല പെൻഷൻ | 20-8-21 | 8/21-12/21 | 8000/- |

ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്യാനിടയുള്ളതിനാൽ സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്. പെൻഷണർമാരുടെ മരണശേഷവും പെൻഷൻ വിതരണത്തിനായി ബാങ്കുകൾക്ക് നൽകിയ തുക വിതരണം ചെയ്യാൻ സാധിച്ചില്ലെന്ന് ഡി.ബി.റ്റി. വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. അർഹതയില്ലാത്ത കാലയളവിലേക്ക് അനുവദിച്ച പെൻഷൻ തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതും സമാനമായി അർഹതയില്ലാത്ത കാലയളവിലേക്ക് പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് സർക്കാരിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്

**ഓഡിറ്റ് എൻക്വയറി-10.**

**1-7 ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 97,920/- |
| കർഷകതൊഴിലാളി പെൻഷൻ | 45,31,200/- |
| വിധവാപെൻഷൻ | 2,37,39,200/- |
| വാർദ്ധക്യകാലപെൻഷൻ | 3,17,09,300/- |
| വികലാംഗപെൻഷൻ | 51,67,200/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1,82,000/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,80,000/- |

**1-8 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2022 ന് 12:45 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1976/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യതയോടെ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. റീകൺസീലിയേഷനിലെ അപാകതകൾ പരിഹരിക്കുന്നതിലേയ്ക്ക് പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.
ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.
റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/12/2022 | 01/08/2022 – 31/10/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/02/2021 | 2018 To 2021 | 19/05/2022 |

**1-11 വസ്തു നികുതി നിർണ്ണയം - റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി ഇളവു നൽകുന്നു**

വസ്തു നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ, 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി

രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് വിവരം, കെട്ടിട നമ്പർ | കണക്കാക്കിയ വസ്തുനികുതി | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി | വസ്തു നികുതി ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|
| 1 | രേഖ പി ആർ<br>9/865, 9/866, 9/867<br>66.37m2*50<br>പ്രഥമ മേഖല<br>ചടയമംഗലം-പള്ളിക്കൽ PWD റോഡ് | അടിസ്ഥാന വസ്തുനികുതി-3319/-<br>മേഖലാ ഇളവ് 10%-(-)-332/-<br>............................<br>ആകെ -3137/-<br>(LC ഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-3319/-<br>വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/-(+) 664/-<br>............................<br>ആകെ -4182/-<br>(LCഉൾപ്പെടെ) | 1045/- |
| 2 | ചന്ദ്രശേഖരക്കുറുപ്പ്, ചൈത്രം, ചടയമംഗലം<br>9/857, 9/858, 9/859 9/860, 9/861 9/863, 9/864<br>150.41m2*50<br>ദ്വിതീയമേഖല<br>ജടായു ജം-അയത്തില ടൂറിസം PWDറോഡ് | അടിസ്ഥാന വസ്തുനികുതി-7521/-<br>മേഖലാ ഇളവ് 10%-752/-(-)<br>............................<br>ആകെ-7108/-<br>(LCഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-7521/-<br>മേഖലാ ഇളവ് 10%-752/-(-)<br>വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/(+) 1505/-<br>......................ആകെ-+8688/-<br>(LCഉൾപ്പെടെ) | 1580/- |
| 3 | മുഹമ്മദ് ഖാൻ കാരോട് പുത്തൻവീട്, ചടയമംഗലം<br>15/647, 15/648<br>84.72m2*50<br>പ്രഥമ മേഖല<br>ചടയമംഗലം-പള്ളിക്കൽ PWD റോഡ് | അടിസ്ഥാന വസ്തുനികുതി-4236/-<br>............................<br>ആകെ -4448/-<br>(LCഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-4236/-<br>വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-848/-(+)<br>............................<br>ആകെ -5338/-<br>(LCഉൾപ്പെടെ) | 890/- |
| ആകെ വസ്തുനികുതിയിൽ കുറവുണ്ടായ തുക | | | | 3515/- |

തെറ്റായ റോഡിന്റെ തരം നല്കി വസ്തു നികുതിയിന്മേൽ ഇളവു നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് സഞ്ചയ സോഫ്റ്റ്വെയറിൽ മേൽ റോഡുകൾ സെലക്ട് ചെയ്യുമ്പോൾ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് എന്ന് കാണിക്കുന്നു എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. IKM മായി ബന്ധപ്പെട്ട് ടി അപാകത പരിഹരിച്ച് വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതും സമാനമായി പഞ്ചായത്ത് പരിധിയിൽ തെറ്റായ റോഡിന്റെ തരം നല്കി വസ്തു നികുതിയിന്മേൽ ഇളവു അനുവദിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം.5/16.12.2022**

**വരവ് നഷ്ടം - 3515/- രൂപ**

**1-12 കെട്ടിടനികുതി നിർണ്ണയിച്ചതിലെ അപാകത**

ശ്രീ.അജികുമാർ ബി എന്ന വ്യക്തി B2-BA230912/2021 /14.09.21 പെർമിറ്റ് പ്രകാരം നിർമ്മിച്ച 211.53m$^2$ വാണിജ്യ കെട്ടിടത്തിന് നമ്പർ 9/689 നൽകിയിരിക്കുന്നതായി സഞ്ചയയിൽ ഫോം 6, നമ്പറിംഗ് ഫയൽ എന്നിവ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ 211.53എം സ്കയർ തറവിസ്തീർണ്ണമുള്ള കെട്ടിടം വാണിജ്യാവശ്യത്തിനുള്ള 100 എം സ്കയർ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്നിവ ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി നിരക്ക് 50/- രൂപയായി തെറ്റായി നിജപ്പെടുത്തിയിരിക്കുന്നു. സ.ഉ.(അ) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരവും സ.ഉ.(അ) നം.36/2015 തസ്വഭവ തീയതി 24.02.2015 പ്രകാരവും വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് നിശ്ചയിക്കുന്ന കുറഞ്ഞതും കൂടിയതുമായ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 2013 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തും സർക്കാർ നിശ്ചയിച്ചു നൽകിയ പരിധിക്കുള്ളിൽ ഉള്ള ഒരു നിരക്ക് നിശ്ചയിക്കേണ്ടതാണ്. ആയതു പ്രകാരം ഗ്രാമപഞ്ചായത്തിലെ വാണിജ്യാടിസ്ഥാനത്തിലുള്ള 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ ഗോഡൗൺ എന്ന ഗണത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 60/- രൂപയായി പഞ്ചായത്ത് ഭരണസമിതി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വസ്തു നികുതി വിവരങ്ങൾ | തെറ്റായി ഈടാക്കിയ വസ്തു നികുതി (₹) | ഈടാക്കേണ്ട വസ്തു നികുതി (₹) |
|---|---|---|
| അംഗീകരിച്ച അടിസ്ഥാന നികുതി നിരക്ക് | 50/- | 60/- |
| അടിസ്ഥാന വസ്തു നികുതി (211.53m2) | 10577/- | 12692/- |
| വഴിസൗകര്യം (5മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് | 2115/- | 2538/- |
| ഈടാക്കേണ്ട വസ്തു നികുതി | 12692/- | 15230/- |
| 5% L.C | 635/- | 762/- |
| ആകെ | 13327/- | 15992/- |
| വ്യത്യാസം 15992- 13327=2665/- | | |

കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിൽ 2665/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റന്വേഷണത്തിനു ടി കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് 50 രൂപയായി തെറ്റായി നിർണ്ണയിച്ചിരിക്കുന്നുവെന്നും ആയതിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് 60 രൂപയാക്കി നിർണയിക്കുന്നതിന് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റ പ്യൂരിഫിക്കേഷൻ വഴി മാത്രമേ സാധിക്കുകയുള്ളൂവെന്നും നിലവിൽ ഡേറ്റാ വെരിഫിക്കേഷൻ സാധ്യമല്ലാത്തതിനാൽ ആയതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് അപാകത പരിഹരിക്കുന്നതും വസ്തു നികുതി ഈടാക്കി ടി വിവരം ഓഡിറ്റിന് അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി മുൻകാല പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. നികുതി നിർണ്ണയത്തിലെ കുറവു മൂലമുണ്ടായിട്ടുള്ള 2665/- രൂപയുടെ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 5/16.12.2022**
**വരവ് നഷ്ടം - 2665/-രൂപ**

**1-13 ഡെപ്പോസിറ്റിനത്തിൽ റസീപ്റ്റ് ചെയ്ത തുകകൾ ക്രെഡിറ്റ് ചെയ്തിട്ടില്ല.**

ഗ്രാമപഞ്ചായത്തിലെ വരവുകളും ഒടുക്കുകളും പരിശോധിച്ചതിൽ ഡെപ്പോസിറ്റിനത്തിൽ

റസീപ്റ്റ് ചെയ്ത തുകകൾ ക്രെഡിറ്റായതായി കാണുന്നില്ല. റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് (A/C No 030101201000001) ഫെബ്രുവരി 2022 വരെയുള്ള റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട ഡെപ്പോസിറ്റ് ചെയ്ത കാലാവധി കഴിഞ്ഞ താഴെ പറയുന്ന ചെക്കുകൾ ക്രെഡിറ്റ് ആയതായി കാണുന്നില്ല. മാർച്ച് 2022ലെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ താഴെപ്പറയുന്ന ചെക്കുകൾ ഉൾപ്പെട്ടിട്ടുമില്ല.

| ക്രമനമ്പർ | വൗച്ചർനം. & തീയതി | ഇൻസ്ട്രുമെന്റ് നം& തീയതി | തുക (₹) |
|---|---|---|---|
| 1 | 120080500091/16.03.21 | JC4722755/16.03.21 | 31250/- |
| 2 | 120080500098/20.03.21 | 9609593/20.03.21 | 5000/- |
| 3 | 120080900008/20.03.21 | 1/25.01.21 | 4875/- |
| 4 | 120080900007/20.03.21 | 1/25.01.21 | 1155/- |
| 5 | 120080500072/23.02.21 | JF No 1570/22.02.21 | 21250/- |
| 6 | 120080500023/29.09.20 | 3840596/28.09.20 | 28000/- |
| 7 | 120080500002/02.07.20 | 27176/11.06.20 | 7100/- |
| 8 | 120080500005/21.09.21 | - | 2037/- |
| 9 | 120080500026/29.09.21 | SB/XY 2934/28.09.21 | 1250/- |
| 10 | 120080500027/29.09.21 | SB/XY 2934/28.09.21 | 9500/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ ചെക്കുകൾ ക്രെഡിറ്റ് ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ ചെക്കുകൾ ക്രെഡിറ്റായത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതും എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ എല്ലാ മാസവും കൃത്യതയോടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി - 11/19.12.2022**

## 1-14 വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 152/21-22-പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി വികസനഫണ്ട് ജനറൽ, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയിൽ നിന്നും 312500/-രൂപ വീതവും ഗുണഭോക്തൃവിഹിതം 625000/-രൂപയും ഉൾപ്പെടെ ആകെ 1250000/-രൂപ വകയിരുത്തിയിരുന്നതിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 312500/-രൂപ ബിൽ നം - 02/21-22/26-11-22 പ്രകാരം പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം, കൊല്ലത്തിന് നൽകിയിട്ടുണ്ട്. ടി പ്രോജക്ട് പ്രകാരം നാളിതുവരെ നടത്തിയ ചെലവിന്റെ വിവരം, പദ്ധതിയുടെ നിർവ്വഹണ ഏജൻസികളായ പോരേടം, പൂങ്കോട് എന്നീ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ നിന്നും സബ്സിഡി അനുവദിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-12/19-12-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി പ്രവൃത്തിക്കായി നടത്തിയ 312500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

**ഓഡിറ്റ് എൻക്വയറി നം-12/19-12-2022**

**തടസ്സപ്പെടുത്തിയ തുക – 312500/-രൂപ**

## 1-15 റ്റി.ഡി.എസ് കുറവ് വരുത്താതെ തുക കരറുകാരന് അനുവദിച്ചു

2017-ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/-രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2%

ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|
| 1 | വെട്ടുവഴി വാർഡ്-കുന്നുംപുറം തോക്കാല റോഡ് കോൺക്രീറ്റിംഗ്<br>RC/346576<br>കരാറുകാരൻ- ഗോപിനാഥൻ നായർ<br>മെറ്റീരിയലിന്റെ വില - 386650/- | 7733/- |
| 2 | വെള്ളൂപ്പാറ വാർഡ്- ആറ്റ് മൂഴിക്കൂട്ടത്തും മൂല റോഡ് കോൺക്രീറ്റിംഗ് – RC/340788<br>കരാറുകാരൻ- ഗോപിനാഥൻ നായർ<br>മെറ്റീരിയലിന്റെ വില - 387527/- | 7750/- |
| 3 | വെള്ളൂപ്പാറ റോഡ്-വേന്തൻകോണം റോഡ് കോൺക്രീറ്റിംഗ്<br>RC/340747<br>കരാറുകാരൻ- ഗോപിനാഥൻ നായർ<br>മെറ്റീരിയലിന്റെ വില - 381170/- | 7624/- |
| 4 | മൂലംകോട് വാർഡ്-ഗണപതി നട ഹൗസിംഗ് കോളനി റോഡ്<br>RC/340800<br>കരാറുകാരൻ- എം.അബ്ദുൾ കലാം<br>മെറ്റീരിയലിന്റെ വില - 386729/- | 7734/- |
| 5 | ഇടയ്ക്കോട് വാർഡ് പുലിപ്പാറ വിള വളമൺ റോഡ് കോൺക്രീറ്റിംഗ് – RC/340716<br>കരാറുകാരൻ- എം.അബ്ദുൾ കലാം<br>മെറ്റീരിയലിന്റെ വില - 346262/- | 6925/- |
| 6 | പോരേടം വാർഡ് കരിക്കത്തിൽ മോഴൂർ ഏലാ റോഡ്<br>കോൺക്രീറ്റിംഗ് – RC/340802<br>കരാറുകാരൻ- എം.അബ്ദുൾ കലാം<br>മെറ്റീരിയലിന്റെ വില - 305687/- | 6114 |
| 7 | കള്ളിക്കോട് വാർഡ് തിരുവയ്ക്കോട് മേലേകള്ളിക്കാട് റോഡ്<br>കോൺക്രീറ്റിംഗ് – RC/340798<br>കരാറുകാരൻ- എം.അബ്ദുൾ കലാം<br>മെറ്റീരിയലിന്റെ വില - 389729/- | 7795 |
| 8 | ചടയമംഗലം വാർഡ്-സൊസൈറ്റി ജംഗ്ഷൻ കളക്കാട് റോഡ്<br>കോൺക്രീറ്റിംഗ് – RC/340738<br>കരാറുകാരൻ- ശ്രീകുമാർ | 7805/- |

| | | |
|---|---|---|
| | മെറ്റീരിയലിന്റെ വില - 390246/- | |
| 9 | പള്ളിമുക്ക് വാർഡ് -പൂക്കോട് റോഡ് കോൺക്രീറ്റിംഗ് - RC/340734<br>കരാറുകാരൻ- മധുസൂദനൻ<br>മെറ്റീരിയലിന്റെ വില - 385246/- | 7705/- |
| 10 | കണ്ണൻകോട് വാർഡ്-പെരുന്തൻകോണം പേരയത്ത് റോഡ്<br>കോൺക്രീറ്റിംഗ് - RC/340735<br>കരാറുകാരൻ- മധുസൂദനൻ<br>മെറ്റീരിയലിന്റെ വില - 386390/- | 7728/- |
| 11 | കണ്ണൻകോട് വാർഡ് അമ്പലമുക്ക് റോഡ് കോൺക്രീറ്റിംഗ്<br>RC/340733<br>കരാറുകാരൻ- മധുസൂദനൻ<br>മെറ്റീരിയലിന്റെ വില - 554610/- | 11092/- |
| 12 | തെരുവിൻഭാഗം കണ്ണമത്ത് റോഡ്-കോൺക്രീറ്റിംഗ്<br>RC/340744<br>കരാറുകാരൻ- ബി,ശ്രീകുമാർ<br>മെറ്റീരിയലിന്റെ വില - 369757/- | 7395/- |
| 13 | ആക്കോണം വാർഡ് -പാവൂർ വെള്ളംകൊള്ളി റോഡ്<br>കോൺക്രീറ്റിംഗ് – RC/346581<br>കരാറുകാരൻ- പ്രകാശ്.ബി<br>മെറ്റീരിയലിന്റെ വില - 380932/- | 7619/- |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം - 13/20.12.2022**

## 1-16 സാന്ത്വന പരിചരണം പദ്ധതി -KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സാന്ത്വന പരിചരണം (പ്രോജക്ട് നം. 71/22) പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./<br>ഫണ്ടിനം. | കെ.എം.എസ്.സി.എൽ -ന് നൽകിയ രൂപ/<br>ബിൽ നം., തീയതി. | പെർഫോമാ ഇൻവോയ്സ് നം/തീയതി. | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|
| 71/22, സാന്ത്വന പരിചരണം<br>**ആകെ അടങ്കൽ -₹806682/-**<br>(വികസനഫണ്ട്(ജനറൽ)-₹800000/-)<br>തനത് ഫണ്ട്-₹6682/-) | 7/7.7.21, തുക-*175000* | PRF-824/22.6.21 | 4436/- |
| | 8/7.7.21 തുക-175000/- | PRF-822/22.6.21 | 4429/- |

| | | | |
|---|---|---|---|
| **ആകെ ചെലവ് – ₹780734/-**<br>(വികസനഫണ്ട്(ജനറൽ)-₹774052/-)<br>തനത് ഫണ്ട്-₹6682/-) | 5/7.7.21 തുക-62762 | PRF-757/17.6.21 | 260/- |
| **ആകെ** | | | 9125/- |

വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, മരുന്നുകൾ ഉടനേ ലഭ്യമാക്കുന്നതാണെന്ന് അറിയിപ്പ് ലഭിച്ചിട്ടുള്ളതായി മറുപടി ഹാജരാക്കി. മരുന്നു ലഭ്യമാക്കാൻ അവശേഷിയ്ക്കുന്ന 9125/--രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭിയ്ക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം –3/15.12.22**

**തടസ്സപ്പെടുത്തിയ തുക – 9125/--രൂപ**

## <u>1-17 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.</u>

അങ്കണവാടി പോഷകാഹാരം(എസ്.സി)

<u>പ്രോജക്ട് നം.7/22</u>

**ആകെ അടങ്കൽ** -600000/-രൂപ

(300000/-രൂപ – വികസന ഫണ്ട്, SCP
300000-രൂപ – കേന്ദ്രാവിഷ്ക്രത ഫണ്ട്)

ആകെ ചെലവ് – 300000/-രൂപ (വികസന ഫണ്ട്, SCP)

<u>പ്രോജക്ട് നം. 9/22</u> **അങ്കണവാടി പോഷകാഹാരം (ജനറൽ)**

**ആകെ അടങ്കൽ** - 3600000/-രൂപ

(1626497/-രൂപ – വികസന ഫണ്ട്
800000/-രൂപ – ജില്ലാ പഞ്ചായത്ത്
173503/-തനത് ഫണ്ട്
1000000-കേന്ദ്രാവിഷ്ക്രത ഫണ്ട്)

ആകെ ചെലവ് -2794146/-രൂപ.

(1626497/-രൂപ – വികസന ഫണ്ട്
1000000/-രൂപ-കേന്ദ്രാവിഷ്ക്രത ഫണ്ട്,
167649/-രൂപ-തനത് ഫണ്ട്)

2021-22 സാമ്പത്തിക വർഷത്തിൽ ചടയമംഗലം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് വിതരണം നടത്താനായി അമൃതം ന്യൂട്രിമിക്സ് അമൃതം ഹെൽത്ത് മിക്സ് യൂണിറ്റ് ആൽത്തറമൂട് കടയ്ക്കൽ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ന്യൂട്രിമിക്സ് സാമ്പിളുകൾ Food Testing ലാബിൽ പരിശോധിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് യൂണിറ്റിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ഹാജരാക്കി.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.

ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയ പരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം

ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 4, തീയതി-15-12-22**

**1-18 ഹോംകോയിൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.**

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ഹോംകോയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | അടങ്കൽ (₹) | ചെലവു തുക (₹) | ബിൽ നം./ തീയതി | തുക നൽകിയത് (₹) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|
| 50/22 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 4,00,000/- (മെയി. ഫണ്ട്-റോഡിതരം) | 4,00,000/- | 1/21-22 23.7.21 | 4,00,000/- | 2,66,250/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മരുന്നുകൾ ഉടനേ ലഭ്യമാക്കും എന്ന് അറിയിപ്പ് ലഭിച്ചതായി മറുപടി ഹാജരാക്കി.ആയതിനാൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതു വരെ 2,66,250/- രൂപ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം:1/15.12.22**

**തടസ്സപ്പെടുത്തിയ തുക : 2,66,250/- രൂപ**

**1-19 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക (₹) | ബിൽ നം |
|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ(97/22) അടങ്കൽ തുക -1500000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കെ എസ് ഇബി | 14,19,894/- | 323, 10-03-2022 |
| 2 | കുഴൽ കിണർ നിർമ്മാണം രണ്ടാം ഘട്ടം (228/22) അടങ്കൽ തുക -130840 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 130840 | 403, 27-03-2022 |
| 3 | ചടയമംഗലം ഗവ. യുപിഎസിന് കുഴൽ കിണർ(224/22) അടങ്കൽ തുക -157212 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 111998 | 404,27-03-2022 |

| | | | | |
|---|---|---|---|---|
| 4 | കുഴൽ കിണർ നിർമ്മാണം (199/22) അടങ്കൽ തുക -435232 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 435232 | 402, 27-03-2022 |
| 5 | ജീവനം (87/22) അടങ്കൽ തുക-84000 (വികസന ഫണ്ട്) | സെക്രട്ടറി, ജില്ലാപഞ്ചായത്ത്, കൊല്ലം | 84000 | 07, 28-06-2021 |
| | | ആകെ | 21,81,964 | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 21,81,964/-രൂപാ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തിയ തുക -21,81,964/- രൂപ**

**ഓഡിറ്റ് അന്വേഷണം-06, 16-12-2022**

**1-20 യഥാസമയം വെള്ളക്കരം ഒടുക്കുവരുത്തുന്നില്ല, പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല**

കേരളാ വാട്ടർ അതോറിറ്റിയുടെ ബിൽപ്രകാരം ചടയമംഗലം ഗ്രാമ പഞ്ചായത്തിൽ 264 പൊതു ടാപ്പുകളുണ്ട്. പ്രതിമാസ വെള്ളക്കരം 1,21,286/- രൂപയാണ്. 2021-22 മാമ്പത്തിക വർഷം 12 മാസത്തെ വെള്ളക്കരം ഇനത്തിൽ 12x121286 =14,55,432 രൂപാ കേരളാ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എങ്കിലും വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം വെള്ളക്കരം ഇനത്തിൽ തൻവർഷാവസാനം തുക ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു. വെള്ളക്കരം അതാതുമാസം കൃത്യമായി ഒടുക്കു വരുത്താത്തതു മൂലം പിഴപ്പലിശ കണക്കാക്കി ബിൽ തയ്യാറാക്കേണ്ടി വരുന്നതു കാരണമാണ് ഇപ്രകാരം സംഭവിക്കുന്നത്. അതാതുമാസം തന്നെ കുടിവെള്ളക്കരം ഒടുക്കു വരുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (08, തീ 17-12-2022 ) പദ്ധതി അംഗീകരിച്ചു വരുന്നതിന്റെ കാലതാമസമാണ് യഥാസമയം തുക ഒടുക്കു വരുത്താൻ കഴിയാതിരുന്നതിന്റെ കാരണം എന്ന് അറിയിച്ചു. വെള്ളക്കരം അടവ് സംബന്ധിച്ച് ജി ഒ ( ആർ ടി ) 1501/2006/ത സ്വ ഭ വ , തീ 23-06-2006 ആയി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് യഥാസമയം ഒടുക്കു വരുത്തേണ്ടതാണ്.

ചടയമംഗലം ഗ്രാമ പഞ്ചായത്തിൽ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതു സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിൽ സംയുക്ത പരിശോധനയ്ക്കായി കേരളാ വാട്ടർ അതോറിറ്റിക്ക് കത്തും ഓർമ്മക്കുറുപ്പുകളും നല്കിയിട്ടുള്ളതാണെന്നും, ടി വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്നും മറുപടി നല്കി. സംയുക്ത പരിശോധന സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ടായിട്ടും കാര്യക്ഷമമായ നടപടികൾ ഒന്നും തന്നെ സ്വീകരിക്കാതെ 264 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻതുക ഒടുക്കിവരുകയാണ്.

സംയുക്ത പരിശോധനയ്ക്ക ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതും, പൊതു ടാപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി ഗാർഹിക കണക്ഷനുകൾ നല്കുന്നതിന് പ്രാധാന്യം നല്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം- 08, തീ 17-12-2022

**1-21 Compensation For Delay/Liquidated Charges ഈടാക്കിയിട്ടില്ല**

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public

Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾചുവടെചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് | വാർഡുകളിൽ മിനി എം സിഎഫ് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹13,37,000/- (മറ്റുള്ളവ) |
| കരാറുകാരൻ | ശ്രീ. കെ ആർ വാസുദേവൻ |
| കരാർ | 09/AE/LSGD/CDLM/2019-20 ,28-10-2019 |
| അന്തിമ ബിൽ തുക | ₹388947/-, ചെക്ക് നം 2934383 തീ 23-12-2021 |
| എഗ്രീഡ്പി.എ).സി | 10,17,036 |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 180 ദിവസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 28-10-2019 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 28-09-2021 |
| കരാർപ്രകാരംപ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 27-10-2020(6 മാസത്തെ പിഴ ഒഴിവാക്കി) |
| വൈകിയ കാലയളവ് : | 335ദിവസം |
| കണക്കാക്കാവുന്ന ഫൈൻ | 48672/-രൂപ (1017036 X0.1% 335/7). |
| ഈടാക്കിയ ഫൈൻ. | 0 |
| ഈടാക്കിയതിൽ കുറവുവന്ന തുക | ₹48,672/- |

ചട്ടപ്രകാരമുള്ള ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 48672/- രൂപാ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-07, തീ 17-12-2022

**1-22 വാടക അപാകത**

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള ഷോപ്പിങ് കോംപ്ലക്സിലെ മോട്ടോർ വാഹനവകുപ്പിന് നൽകിയിരിക്കുന്ന കടമുറികളുടെ വിവരങ്ങളും ഈടാക്കി വരുന്ന വാടകയുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റന്വേഷണത്തിനു മറുപടി ലഭ്യമാക്കിയില്ല. മോട്ടോർ വാഹനവകുപ്പിന് നൽകിയിരിക്കുന്ന കടമുറികളുടെ വിവരങ്ങളും ഈടാക്കി വരുന്ന വാടകയുടെ വിശദാംശങ്ങളും ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

**ഓഡിറ്റ് എൻക്വയറി നം. 9 /17.12.2022**

**1-23 തെരുവ് വിളക്ക് മെയിന്റനൻസ്, ലേബർ ചാർജ്ജ് , അധികം തുക നല്കി**

പ്രോജക്ട്- തെരുവ് വിളക്ക് മെയിന്റനൻസ്, ലേബർ ചാർജ്ജ് (89/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ-- സെക്രട്ടറി

അടങ്കൽ തുക-2,00,000/-രൂപ ( തനത് ഫണ്ട്)

ഗ്രാമ പഞ്ചായത്തുകളുടെ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് അടാട്ട് മാതൃക അവലംബിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ 17-08-2015ൽ ജി2-44274 /2015 ആയി പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഗ്രാമ പഞ്ചായത്തുകൾക്ക് ഇലക്ട്രീഷ്യനെ നിയമിക്കുന്നതിന് അനുവദിക്കാവുന്ന ദിവസവേതനം 700/-രൂപയാണ്. 750/-രൂപ ദിവസവേതനത്തിന് ഇലക്ട്രീഷ്യനെ നിയമിച്ചതു മൂലം 5700/-രൂപ അധികം നല്കി. (വിശദവിവരത്തിന് ഖ 3-1 കാണുക)

**നിരാകരിച്ച തുക-5700/- രൂപ**
**ഓഡിറ്റ് അന്വേഷണം-നം 06, തീയതി 16-12-2022**

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി നിർണ്ണയം - റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി ഇളവു നൽകുന്നു

വസ്തു നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ, 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് വിവരം, കെട്ടിട നമ്പർ | കണക്കാക്കിയ വസ്തുനികുതി | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി | വസ്തു നികുതി ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|
| 1 | രേഖ പി ആർ<br>9/865, 9/866, 9/867<br>66.37m2*50<br>പ്രഥമ മേഖല<br>ചടയമംഗലം-പള്ളിക്കൽ PWD റോഡ് | അടിസ്ഥാന വസ്തുനികുതി-3319/-<br>മേഖലാ ഇളവ് 10%-(-)-332/-<br>............................<br>ആകെ -3137/-<br>(LC ഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-3319/-<br>വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/-(+) 664/-<br>............................<br>ആകെ -4182/-<br>(LCഉൾപ്പെടെ) | 1045/- |
| 2 | ചന്ദ്രശേഖരക്കുറുപ്പ്, ചൈത്രം, ചടയമംഗലം<br>9/857, 9/858, 9/859 9/860, 9/861 9/863, 9/864<br>150.41m2*50<br>ദ്വിതീയമേഖല<br>ജടായു ജം-അയത്തില ടൂറിസം PWDറോഡ് | അടിസ്ഥാന വസ്തുനികുതി-7521/-<br>മേഖലാ ഇളവ് 10%-752/-(-)<br>............................<br>ആകെ-7108/-<br>(LCഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-7521/-<br>മേഖലാ ഇളവ് 10%-752/-(-)<br>വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/(+) 1505/-<br>.......................ആകെ-+8688/-<br>(LCഉൾപ്പെടെ) | 1580/- |
| 3 | മുഹമ്മദ് ഖാൻ കാരോട് പുത്തൻവീട്, ചടയമംഗലം<br>15/647, 15/648<br>84.72m2*50<br>പ്രഥമ മേഖല<br>ചടയമംഗലം-പള്ളിക്കൽ PWD റോഡ് | അടിസ്ഥാന വസ്തുനികുതി-4236/-<br>............................<br>ആകെ -4448/-<br>(LCഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-4236/-<br>വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-848/-(+)<br>............................<br>ആകെ -5338/-<br>(LCഉൾപ്പെടെ) | 890/- |
| ആകെ വസ്തുനികുതിയിൽ കുറവുണ്ടായ തുക | | | | 3515/- |

തെറ്റായ റോഡിന്റെ തരം നല്കി വസ്തു നികുതിയിന്മേൽ ഇളവു നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് സഞ്ചയ സോഫ്റ്റ്വെയറിൽ മേൽ റോഡുകൾ സെലക്ട് ചെയ്യുമ്പോൾ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് എന്ന് കാണിക്കുന്നു എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. IKM മായി ബന്ധപ്പെട്ട് ടി അപാകത പരിഹരിച്ച് വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതും സമാനമായി പഞ്ചായത്ത് പരിധിയിൽ തെറ്റായ റോഡിന്റെ തരം നല്കി വസ്തു നികുതിയിന്മേൽ ഇളവു അനുവദിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം.5/16.12.2022**

**വരവ് നഷ്ടം - 3515/- രൂപ**

**2-2 കെട്ടിടനികുതി നിർണ്ണയിച്ചതിലെ അപാകത**

ശ്രീ.അജികുമാർ ബി എന്ന വ്യക്തി B2-BA230912/2021 /14.09.21 പെർമിറ്റ് പ്രകാരം നിർമ്മിച്ച 211.53m² വാണിജ്യ കെട്ടിടത്തിന് നമ്പർ 9/689 നൽകിയിരിക്കുന്നതായി സഞ്ചയയിൽ ഫോം 6, നമ്പറിംഗ് ഫയൽ എന്നിവ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ 211.53എം സ്ക്വയർ തറവിസ്തീർണ്ണമുള്ള കെട്ടിടം വാണിജ്യാവശ്യത്തിനുള്ള 100 എം സ്ക്വയർ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്നിവ ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി നിരക്ക് 50/- രൂപയായി തെറ്റായി നിജപ്പെടുത്തിയിരിക്കുന്നു. സ.ഉ.(അ) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരവും സ.ഉ.(അ) നം.36/2015 തസ്വഭവ തീയതി 24.02.2015 പ്രകാരവും വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് നിശ്ചയിക്കുന്ന കുറഞ്ഞതും കൂടിയതുമായ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 2013 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തും സർക്കാർ നിശ്ചയിച്ചു നൽകിയ പരിധിക്കുള്ളിൽ ഉള്ള ഒരു നിരക്ക് നിശ്ചയിക്കേണ്ടതാണ്. ആയതു പ്രകാരം ഗ്രാമപഞ്ചായത്തിലെ വാണിജ്യാടിസ്ഥാനത്തിലുള്ള 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ ഗോഡൗൺ എന്ന ഗണത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 60/- രൂപയായി പഞ്ചായത്ത് ഭരണസമിതി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വസ്തു നികുതി വിവരങ്ങൾ | തെറ്റായി ഈടാക്കിയ വസ്തു നികുതി (₹) | ഈടാക്കേണ്ട വസ്തു നികുതി (₹) |
|---|---|---|
| അംഗീകരിച്ച അടിസ്ഥാന നികുതി നിരക്ക് | 50/- | 60/- |
| അടിസ്ഥാന വസ്തു നികുതി (211.53m2) | 10577/- | 12692/- |
| വഴിസൗകര്യം (5മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് | 2115/- | 2538/- |
| ഈടാക്കേണ്ട വസ്തു നികുതി | 12692/- | 15230/- |
| 5% L.C | 635/- | 762/- |
| ആകെ | 13327/- | 15992/- |
| വ്യത്യാസം 15992- 13327=2665/- | | |

കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിൽ 2665/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റന്വേഷണത്തിനു ടി കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് 50 രൂപയായി തെറ്റായി നിർണ്ണയിച്ചിരിക്കുന്നുവെന്നും ആയതിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് 60 രൂപയാക്കി നിർണയിക്കുന്നതിന് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റ പ്യൂരിഫിക്കേഷൻ വഴി മാത്രമേ സാധിക്കുകയുള്ളൂവെന്നും നിലവിൽ ഡേറ്റാ വെരിഫിക്കേഷൻ സാധ്യമല്ലാത്തതിനാൽ ആയതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് അപാകത പരിഹരിക്കുന്നതും വസ്തു നികുതി ഈടാക്കി ടി വിവരം ഓഡിറ്റിന് അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി മുൻകാല പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. നികുതി നിർണ്ണയത്തിലെ കുറവു മൂലമുണ്ടായിട്ടുള്ള 2665/- രൂപയുടെ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 5/16.12.2022**
**വരവ് നഷ്ടം - 2665/-രൂപ**

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 തെരുവ് വിളക്ക് മെയിന്റനൻസ്, ലേബർ ചാർജ്ജ് , അധികം തുക നല്കി

പ്രോജക്ട്- തെരുവ് വിളക്ക് മെയിന്റനൻസ്, ലേബർ ചാർജ്ജ് (89/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ-- സെക്രട്ടറി

അടങ്കൽ തുക - ₹2,00,000 (തനത് ഫണ്ട്)

ഗ്രാമ പഞ്ചായത്തുകളുടെ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് അടാട്ട് മാതൃക അവലംബിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ 17-08-2015ൽ ജി2-44274 /2015 ആയി പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഗ്രാമ പഞ്ചായത്തുകൾക്ക് ഇലക്ട്രീഷ്യനെ നിയമിക്കുന്നതിന് ദിവസവേതനം 700/- രൂപയോ (പരമാവധി 2 പേർ) പോൾ 1 ന് 75/- രൂപയിലോ പരിമിതപ്പെടുത്തേണ്ടതാണ്. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 15 നും 25 നും ഇടയ്ക്ക് തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടതുമാണ്.

പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് കമ്മറ്റിയുടെ 30-10-2021 ലെ 1(1) നമ്പർ തീരുമാനപ്രകാരം തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പ്രവൃത്തിക്കായി ഇലക്ട്രീഷ്യൻമാരെ നിയമിക്കുന്നതിനായി നല്കിയ പരസ്യപ്രകാരം (1) ശ്രീ. വിഷ്ണു. വി , ധന്യാ ഭവൻ, നടയ്കൽ, (2) രാജീവ് വലിയവിളവീട് നടയ്ക്കൽ എന്നിവരെ 750/- രൂപാ ദിവസ വേതനത്തിന് നിയമിച്ചു. കൂടാതെ പ്രതി ദിനം 1100/- രൂപാ വാഹനവാടകയും അംഗീകരിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ ടി പ്രോജക്ട് പ്രകാരം ഇലക്ട്രീഷ്യൻമാർക്ക് താഴെ കൊടുത്തിരിക്കും പ്രകാരം തുക നല്കി.

10-11-2021 മുതൽ 16-12-2021 വരെ 37 ദിവസങ്ങളിലായി തെരുവ് വിളക്കുകൾ മാറ്റിസ്ഥാപിച്ചതുമായി ബന്ധപ്പെട്ട് 2 ഇലക്ട്രീഷ്യൻമാർക്ക് 2x 750x37 =55,500/- രൂപായും (ചെക്ക് നം 2934387, തീ. 31-12-2021) 01-03-2022 മുതൽ 17-03-2022 വരെ 17 ദിവസങ്ങളിലായി തെരുവ് വിളക്കുകൾ മാറ്റിസ്ഥാപിച്ചതുമായി ബന്ധപ്പെട്ട് 2 ഇലക്ട്രീഷ്യൻമാർക്ക് 2x 750x17 =25,500/- രൂപായും (ചെക്ക് നം 5685214, തീ. 26-03-2022) ഉൾപ്പെടെ 81000/- രൂപാ നല്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഗ്രാമ പഞ്ചായത്തുകൾക്ക് ഇലക്ട്രീഷ്യനെ നിയമിക്കുന്നതിന് ദിവസവേതനം ഇനത്തിൽ നല്കാവുന്ന പരമാവധി തുക 700/- രൂപായാണ്. ആയതിനാൽ അനുവദനീയമായതിൽ കൂടുതലായി നല്കിയിട്ടുള്ള 2x 54x50 =5400/-രൂപാ നിരാകരിക്കുന്നു. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുമ്പോൾ പഞ്ചായത്ത് ഡയറക്ടർ 17-08-2015ൽ ജി2-44274 /2015 ആയി പുറപ്പെടുവിച്ചിട്ടുള്ള പൊതു മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**നിരാകരിച്ച തുക-5400/- രൂപാ**

**ഓഡിറ്റ് അന്വേഷണം-നം 06, തീയതി 16-12-2022**

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 13.12.2022 & 15.12.2022 | കെ.എസ്.എ.കെ.എൽ.എം.പി3/2394/22, തീയതി – 21.03.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | വർഷം | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 212500/- | സമഗ്ര നെൽകൃഷി വികസനം 52/22 | 212500/- | 0 |
| | | 30,00,000/- | ലൈഫ് മിഷൻ (എസ് സി) 112/22 | 30,00,000/- | 0 |
| | | 2,75,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 42/22 | 2,75,000/-/- | 0 |
| ജില്ലാ പഞ്ചായത്ത് | | 52,71,022/- | ലൈഫ് മിഷൻ (എസ് സി) 112/22 | 52,71,022/- | 0 |
| | | 4,50,000/- | ലൈഫ് മിഷൻ ജനറൽ 143/22 | 4,50,000/- | 0 |
| | | 1,50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 42/22 | 1,50,000/- | 0 |
| | | 1,40,217/- | പാലിന് സബ്സിഡി 60/22 | 1,40,217/- | 0 |
| | | 1,44,082 | ഫിഷ് ഫാമിംങ് 162/22 | 1,44,082 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| KSEB | 225/22 ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് | | 409039/- | 409039/- | 0 |
| KSEB | 97/22 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | 1419894/- | 0 | 1419894/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽ കിണർ നിർമ്മാണം199/22 | | 435232/- | 435232/- | 435232/ |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചടയമംഗലം ഗവ. യു പി എസ് കുഴൽ കിണർ നിർമ്മാണം 224/22 | | 111998/- | 0 | 111998/- |
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 2-ാം ഘട്ടം 226/22 | | 82600/- | 82600/- | 0 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽ കിണർ നിർമ്മാണം 2ാം ഘട്ടം 228/22 | | 130840/- | 0 | 130840/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 220000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | 3367/7.4.21<br>5206/30.7.21<br>22/1.1.22 | 220000/- | 51598667/- | 5910667/- | - | 45908000/- |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006/07 | 3.8, 3.9, 3.10, 3.11 | 2002 മുതൽ 2017 വരെ | 5.6.4 | ആട് വളർത്തൽ പദ്ധതി ക്രമക്കേട് | തുക കണ്ടുകെട്ടുന്നതിന് ഡിപ്പാർട്ട്മെന്റ് തല നടപടി സ്വീകരിച്ചു വരുന്നു. |
| 2007/08 | 3.7 | 2002 മുതൽ 2017 വരെ | 5.6.2(1) | മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയിട്ട് പണി നടത്തിയില്ല | ആർ.ആർ. നടപടി സ്വീകരിച്ചു വരുന്നു. |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

(എ) **ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

(ബി)**സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3515/- | | ശ്രീ. സജു കുമാർ വി എസ്, സെക്രട്ടറി |
| 2-2 | 2665/- | | ശ്രീ. സജു കുമാർ വി എസ്, സെക്രട്ടറി |
| 3-1 | | 5400/- | ശ്രീ. സജു കുമാർ വി എസ്, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 312500/- | ശ്രീ.സുരേഷ് കുമാർ പി, വെറ്റിനറി സർജൻ |
| 1-16 | 9125/- | ശ്രീ. ജ്യോതിലാൽ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 1-18 | 266250/- | ശ്രീ. മനോജ് ജി എസ്, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-19 | 2181964/- | ശ്രീ. സജു കുമാർ വി എസ്, സെക്രട്ടറി |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക (₹) |
|---|---|
| 1-7-1 | |

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സജു കുമാർ വി എസ്, സെക്രട്ടറി | സെക്രട്ടറി ചടയമംഗലം ഗ്രാമപഞ്ചായത്ത് | എസ്.വി നിവാസ് Behind Murali Textiles വെഞ്ഞാറമൂട്-690605 |
| ശ്രീ. ജ്യോതിലാൽ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | വിരമിച്ചു | ഇളംപ്ലാവിൽ, കരിങ്ങന്നൂർ പി.ഒ, ഓയൂർ, കൊല്ലം- 691516 |
| ശ്രീ. മനോജ് ജി എസ്, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ ചടയമംഗലം ഗ്രാമപഞ്ചായത്ത് | ഗൗരീശ മന്ദിരം, ഇലഞ്ഞിമൂട് ലൈൻ മെഡിക്കൽ കോളേജ്, തിരുവനന്തപുരം 695011 |
| ശ്രീ.സുരേഷ് കുമാർ പി, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ പനവേലി | വടക്കേവിള വീട്, ഇളമാട്, കുളഞ്ഞിൽ-691533 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ എഫ് ക്യൂ. പി-3/422/18 (5)/തീയതി, 25-4-2018 | 1 |
| 2001-02 | എൽ എഫ് ക്യൂ. പി-3/422/18(6)/തീയതി, 25-4-2018 | 3 |
| 2003-04 | എൽ എഫ് ക്യൂ. പി-3/422/18(7)/തീയതി,25-4-2018 | 6 |
| 2004-05 | എൽ എഫ് ക്യൂ. പി-പി-3/422/18(8)//തീയതി,25-4-2018 | 12 |
| 2005-06 | എൽ എഫ് ക്യൂ. പി-പി-3/422/18(9)/തീയതി, 25-4-2018 | 18 |
| 2006-07 | എൽ എഫ് ക്യൂ. പി-4/1247/14(13)/തീയതി,14-06-2014 | 14 |
| 2007-08 | എൽ എഫ് ക്യൂ. പി-4/1247/14(14)/തീയതി, 14-06-2014 | 8 |
| 2008-09 | എൽ എഫ് ക്യൂ. പി-4/1247/14(15)/തീയതി, 14-06-2014 | 7 |

| | | |
|---|---|---|
| 2009-10 | എൽ എഫ് ക്യൂ. പി-4/1247/14(16)/തീയതി, 14-06-2014 | എല്ലാ ഖണ്ഡികകളും |
| 2010-11 & 2011-12 | കെ.എസ്.എ.കെ.എൽ.എം.പി3/ Adalath/2010-11&2011-12/1576/22 തീയതി,23.08.2022 | 2-1 (A),2-1 (B),3-1,3-2 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.പി3 / Adalath/2012-13 &2013-14/1576/22 തീയതി,23.08.2022 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-13, 3-14, 3-15, 3-16 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി3/ Adalath/2014-15/1576/22 തീയതി,23.08.2022 | 2-1, 2-2, 2-3, 2-4,2-5, 2-6,2-7, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10, |
| 2015-16 | കെ എസ് എ.കെ എൽ എം.പി-3/ Adalath/2015-16/1576/22 തീയതി,23.08.2022 | 2-1,3-2,3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2016-17 | കെ എസ് എ.കെ എൽ എം.പി-3/1941/2017/തീയതി,05-12-17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ എസ് എ.കെ എൽ എം.പി-3/43/2019/തീയതി,26-03-2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ എസ് എ.കെ എൽ എം.പി-3/116/2020/തീയതി, 17-06-2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ എസ് എ.കെ എൽ എം.പി-3/544/2022/തീയതി, 22-06-2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ എസ് എ.കെ എൽ എം.പി-3/545/2022/തീയതി | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**<u>അനുബന്ധം-1</u>**
**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**3**
**അനുബന്ധം 3**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.